(സി) നിറുത്തലാക്കപ്പെട്ട തസ്തികകൾ മിക്കവയും കാലഹരണപ്പെട്ട പദ്ധതികളോടനുബന്ധിച്ചുണ്ടായിരുന്നവയോ ദീർഘകാലമായി ഒഴിഞ്ഞു കിടന്നവയോ ആണ്. നിലവിലുള്ള തസ്തികകൾ ജോലിയുടെ ആവശ്യാനുസരണം പുനഃക്രമീകരിച്ചു നൽകാനാണ് നിർദ്ദേശമെന്നതിനാൽ വേണ്ടുന്ന ഒരു സ്ഥാപനത്തിന്റേയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

(ഡി) അല്ല.

സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സന്നദ്ധ സംഘടനകൾ

34 [5590] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന എത്ര സർക്കാരിതര സന്നദ്ധ സംഘടനകളാണ് ഉള്ളതെന്ന് കണക്കാക്കപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഇവയിൽ വിദേശ സാമ്പത്തിക സഹായം ഇപ്പോൾ ലഭിക്കുന്ന സംഘടനകൾ ഏതെല്ലാമാണ്; ഇവ ഓരോന്നിനും 2002-2003 സാമ്പത്തിക വർഷം ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര തുക വീതം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; വിശദ വിവരം വ്യക്തമാക്കാമോ;

(സി) ഇത്തരം ഫണ്ടുകളുടെ ആർജ്ജിക്കൽ, വിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇത്തരം ചില സംഘടനകൾ നിലവിലുള്ള ചട്ടം ലംഘിച്ച് ധനമാർജ്ജിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അനാഥ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ

35 [5591] ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly